ഇന്ത്യയിൽ വ്യാപാര താൽപര്യങ്ങളുണ്ടെന്ന് കെ.പി.എം.ജി കമ്പനിയുടെ പഠന റിപ്പോർട്ട്

കണ്ണൂർ: ഇന്ത്യയിൽ കെ.പി.എം.ജി കമ്പനിക്ക് വലിയ വ്യാപാര താൽപര്യമുണ്ടെന്ന് കമ്പനിയുടെ തന്നെ പഠന റിപ്പോർട്ട്. അമേരിക്കയും ചൈനയും കഴിഞ്ഞാൽ പുതിയ വ്യവസായ ശക്തിയായി വളരാൻ വിഭവശേഷിയുള്ള രാജ്യം ഇന്ത്യയാണെന്ന് ചൂണ്ടിക്കാണിക്കുന്ന റിപ്പോർട്ടിൽ മൾട്ടിലാറ്റിൽ മാർക്കറ്റിംഗിന് ഏറ്റവും സാധ്യതയുണ്ടെന്ന് എടുത്തുക്കാട്ടുന്നു. ഇന്ത്യയുടെ വികസന വ്യാപാര മേഖലകളിൽ തങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കണമെന്ന് റിപ്പോർട്ടിലുണ്ട്. കേരളത്തിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന വച്ചുപുലർത്തണമെന്നും റിപ്പോർട്ടിൽ നിർദേശിക്കുന്നു.

നവ കേരള സൃഷ്ടിക്കായി കൺസൾട്ടൻസിയായി സൗജന്യ സേവനം നടത്താൻ സംസ്ഥാന സർക്കാർ കെ.പി.എം.ജി കമ്പനിയെ നിയോഗിച്ചിരുന്നു. ഇറാൻ, ഇറാഖ്, കുവൈത്ത് തുടങ്ങിയ രാജ്യങ്ങളിലുണ്ടായ യുദ്ധത്തിന് ശേഷം അവിടെ പുനരുദ്ധാരണ പ്രവൃത്തിക്ക് സൗജന്യ സേവനം വാഗ്ദാനം ചെയ്ത് ചില കമ്പനികൾ രംഗത്തുവന്നിരുന്നു. എന്നാൽ പിന്നീട് ആ രാജ്യങ്ങളിലെ നിർമ്മാണ കരാറുകൾ സൗജന്യ സേവനം നടത്താൻ തന്ത്രപൂർവം കൈക്കലാക്കുകയായിരുന്നു. കേരളത്തിന്റെ പുനർനിർമ്മാണത്തിന് 30,000 കോടി രൂപ വേണ്ടിവരുമെന്നാണ് ഔദ്യോഗിക കണക്ക്. ഇത്രയും ഭീമമായ തുകയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ കണ്ണുവച്ചാണ് കെ.പി.എം.ജി സൗജന്യ സേവനം നൽകുന്നതെന്ന ആരോപണം ശക്തമാണ്. നെതർലാന്റ് ആസ്ഥാനമായുള്ള കമ്പനിയാണെങ്കിലും ഓരോ രാജ്യത്തും അതാത് രാജ്യത്തിന്റെ പേരുകൂടി ചേർത്താണ് കെ.പി.എം.ജി പ്രവർത്തിക്കുന്നത്. ഇന്ത്യയിൽ കെ.പി.എം.ജി ഇന്ത്യ എന്ന പേരിൽ ഈ കമ്പനി പ്രവർത്തിക്കുന്നത് വിദേശ നിക്ഷേപ നിയന്ത്രണ ബോർഡിന്റെയും ഫെമയുടെയും നിയമങ്ങൾ മറികടന്നാണെന്നാരോപിച്ച് എൻ.ജി.ഒ സംഘടനയായ സിപിൽ സുപ്രീംകോടതിയെ സമീപിച്ചിരുന്നു. കഴിഞ്ഞ ഫിബ്രവരി 24ന് കേസ് പരിഗണിച്ച കോടതി ഇക്കാര്യം പഠിക്കാൻ മൂന്നംഗ വിദഗ്ധ സംഘത്തെ നിയമിക്കണമെന്ന് കേന്ദ്ര സർക്കാരിന് നിർദേശം നൽകിയിരുന്നു.

പി.കെ.ശശി എം.എൽ.എ...

(ഒന്നാം പേജിൽ നിന്ന്) ഇന്ന് രാവിലെയാണ് എം.എൽ.എയുടെ മണ്ണാർക്കാടെ വസതിയിലേക്ക് മാർച്ച് നടന്നത്. വീടിന് കനത്ത പോലീസ് കാവൽ ഏർപ്പെടുത്തിയിരുന്നു. വീടിന് മുന്നിൽ മാർച്ച് പോലീസ് തടഞ്ഞു. യുവമോർച്ചയുടെ മാർച്ചാണ് ആദ്യം നടന്നത്. പ്രവർത്തകർ ബാരിക്കേഡ് തകർക്കാൻ ശ്രമിച്ചിരുന്നു.

അതേസമയം എം.എൽ.എക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് കെ.എസ്. യുവും യുവമോർച്ചയും ഡി.ജി.പിക്ക് പരാതി നൽകി. ഈ പരാതി പ്രാഥമിക പരിശോധന നടത്താൻ ഡി.ജി.പി തൃശൂർ റെയിഞ്ച് ഐ.ജിക്ക് കൈമാറി.

പി.കെ.ശശിക്കെതിരെ വനിതാ കമ്മീഷന് പരാതി ലഭിച്ചിട്ടില്ലെന്നും സ്വമേധയാ കേസെടുക്കേണ്ട വിഷയമല്ല ഇതല്ലെന്നും വനിതാ കമ്മീഷൻ അധ്യക്ഷ എം.സി. ജോസഫൈൻ പ്രതികരിച്ചു.

അധ്യാപികയെ വാട്സ്ആപ്പിലൂടെ അവഹേളിച്ചു; മൂന്നുപേർക്കെതിരെ കേസ്

മയ്യിൽ: വാട്സ്ആപ്പ് സന്ദേശം വഴി അധ്യാപികയെ അവഹേളിക്കുകയും അസഭ്യം പ്രചരിപ്പിക്കുകയും ചെയ്തുവെന്ന പരാതിയിൽ മൂന്നു പേർക്കെതിരെ മയ്യിൽ പോലീസ് കേസെടുത്തു. ചെക്കിക്കുളം രാധകൃഷ്ണ യു.പി സ്കൂൾ അധ്യാപിക എടയന്നൂരിലെ രാഹുൽ നിവാസിൽ സൂര്യ ശ്രീധരൻ നൽകിയ പരാതിയിൽ ചെക്കിക്കുളം സ്വദേശികളായ സലിൽരാജ്, റിജേഷ്, രാഹുലൻ എന്നിവർക്കെതിരെ മയ്യിൽ എസ്.ഐ എൻ.പി. രാഘവൻ കേസെടുത്ത് അന്വേഷണം ആരംഭിച്ചു. കഴിഞ്ഞ ആഴ്ച മുതലാണ് അധ്യാപികയെ അവഹേളിച്ചുകൊണ്ടുള്ള സന്ദേശം വാട്സ്ആപ്പിലൂടെ ഇവർ വ്യാപകമായി പ്രചരിപ്പിച്ചതത്രെ. സ്കൂളിലെ പ്യൂൺ വിവരം അറിയിച്ചതിനെ തുടർന്നാണ് അധ്യാപികയും കുടുംബവും ഇക്കാര്യം അറിയുന്നത്. പ്രതികൾ ഒളിവിലാണ്.

കടമ്പേരിയിൽ ഒറ്റക്ക് താമസിക്കുന്ന സ്ത്രീയുടെ വീട്ടിൽ നിന്ന് സ്വർണ്ണം കവർന്നു

തളിപ്പറമ്പ: കടമ്പേരിയിൽ തനിച്ച് താമസിക്കുന്ന സ്ത്രീയുടെ വീട്ടിൽ കവർച്ച. കടമ്പേരി ക്ഷേത്രത്തിന് സമീപത്തെ പുതിയടത്ത് ശോഭനയുടെ വീട്ടിൽ നിന്ന് ഒന്നര പവൻ സ്വർണ്ണാഭരണവും 5000 രൂപയുമാണ് നഷ്ടമായത്. കഴിഞ്ഞ ദിവസം ഉച്ചക്ക് ഭക്ഷണം കഴിച്ച് തൊട്ടപ്പുറത്തെ വീട്ടിൽ പോയതായിരുന്നു. അരമണിക്കൂർ കഴിഞ്ഞ് തിരിച്ചെത്തിയപ്പോഴാണ് കവർച്ച ശ്രദ്ധയിൽപ്പെട്ടത്. വീടിന്റെ വാതിൽ ചാരിയാണ് പോയിരുന്നത്. വീട്ടിൽ നായയുണ്ട്. വീട്ടിൽ ആരെങ്കിലും വരുമ്പോൾ നായകുരക്കാറുണ്ട്. എന്നാൽ നായ കുരച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുമില്ല. ശോഭന അവിവാഹിതയാണ്. തളിപ്പറമ്പ പോലീസിൽ പരാതി നൽകിയതിനെ തുടർന്ന് എസ്.ഐ കെ.ദിനേശന്റെ നേതൃത്വത്തിൽ പോലീസ് സ്ഥലത്തെത്തി അന്വേഷണം നടത്തി.

AWI
wooden frames
34 YEARS OF EXPERIENCE
ടെൻഷൻ ഒഴിവാക്കൂ..!!
READYMADE
കട്ടിള
ജനൽ

ഗ്രിൽസ് ആശാരിക്കൂലി ഉൾപ്പെടെ	ആഞ്ഞിലി പ്ലാവ്	വിദേശ വീട്ടി	വിദേശ ഇരുൾ	
കട്ടിള	3950	4500	5590	മുതൽ
3 പാളി ജനൽ	9500	10850	12350	മുതൽ
2 പാളി ജനൽ	6650	7700	8700	മുതൽ

തടിമരം വാങ്ങുന്ന മുടക്ക് വേണ്ട ഗ്രിൽസ് അടക്കം റെഡിമെയ്ഡ് കട്ടിള, ജനലുകൾ സ്വന്തമാക്കാൻ

ആയിഷ വുഡ്
IMPORTS & EXPORTS
N.H. പിലാത്തറ, പയ്യന്നൂർ
N.H. ഏഴാംമൈൽ, തളിപ്പറമ്പ
N.H. ഐങ്ങോത്ത്, കാഞ്ഞങ്ങാട്
9847808929
e-mail: ayshawoodstrading@rocketmail.com
ayshawoods web: www.ayshawoods.com
C1805-374137

ഡെങ്കിപ്പനി: രയരോത്തെ യുവതി ഗുജറാത്തിൽ മരിച്ചു

ആലക്കോട്: ഡെങ്കിപ്പനി ബാധിച്ച് ചികിത്സയിലായിരുന്ന രയരോം സ്വദേശിനിയായ യുവതി ഗുജറാത്തിൽ മരിച്ചു. രയരോം പള്ളിപ്പടിയിലെ പതിയിൽ കുര്യന്റെ മകൾ മിനി (41) ആണ് മരിച്ചത്. ഗുജറാത്ത് അഹമ്മദാബാദിൽ നേഴ്സായി ജോലി ചെയ്തുവരികയായിരുന്നു. കോട്ടയം അയ്മനംകുന്നത്തെ ഇലഞ്ഞിക്കൽ ബിജുവിന്റെ ഭാര്യയാണ്. മകൻ: മെൽബിൻ. മാതാവ്: ഏലിക്കുട്ടി. സഹോദരങ്ങൾ: ആലീസ്, മേരി, ജോണി, ജെസി, മോളി, പരേതയായ ബീന.

കോളേജ് പരിസരത്ത് വെച്ച് ഹാഷിഷ് ഓയിലുമായി യുവാവ് പിടിയിൽ

പാപ്പിനിശേരി: വിദ്യാലയ പരിസരങ്ങളിൽ പരിശോധന നടത്തുന്നതിനിടെ പാപ്പിനിശേരി എക്സൈസ് സംഘം ഹാഷിഷ് ഓയിലുമായി യുവാവിനെ പിടികൂടി. എടക്കാട് ഉദയ നിവാസിലെ യു.അഖിലിനെയാണ് (20) കല്യാശേരി ഇ.കെ.നായനാർ സ്മാരക പോളിടെക്നിക്ക് കോളേജിന് മുന്നിൽ വെച്ച് എക്സൈസ് ഇൻസ്പെക്ടർ എ.ഹേമന്ദ്കുമാറിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. ഇയാളുടെ പക്കൽ നിന്ന് ആറ് ഗ്രാം ഹാഷിഷ് ഓയിൽ പിടിച്ചെടുത്തു. വിദ്യാലയങ്ങളും കോളേജുകളും കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിൽപ്പന തകൃതിയായി നടക്കുന്നുണ്ടെന്ന രഹസ്യ വിവരത്തെ തുടർന്നാണ് എക്സൈസ് സംഘം പരിശോധന കർശനമാക്കിയത്.

അസി. എക്സൈസ് ഇൻസ്പെക്ടർ എം.സുധാകരൻ, പ്രിവന്റീവ് ഓഫീസർ കെ.ദിനേശൻ, സിവിൽ എക്സൈസ് ഓഫീസർമാരായ ഷിബു, പി.ഷിബു, കെ.അഭിലാഷ്, എം.ജിതേഷ്, പി.പുരുഷോത്തമൻ, എം.രോഷി എന്നിവരും പരിശോധനാ സംഘത്തിലുണ്ടായിരുന്നു.

വിവാദങ്ങൾക്കൊടുവിൽ യൂത്ത് കോൺഗ്രസിന് പ്രസിഡണ്ടായി

ആലക്കോട്: നിലവിലുണ്ടായിരുന്ന പ്രസിഡണ്ട് രാജി വെച്ചതിനെ തുടർന്ന് മാസങ്ങൾ നീണ്ട വിവാദങ്ങൾക്കൊടുവിൽ യൂത്ത് കോൺഗ്രസ് ഇരിക്കൂർ നിയോജക മണ്ഡലം കമ്മിറ്റി പ്രസിഡണ്ടിനെ നിയമിച്ചു. ശ്രീകണ്ഠപുരം സ്വദേശി കെ.പി. ലിജേഷിനെയാണ് പ്രസിഡണ്ടായി സംസ്ഥാന പ്രസിഡണ്ട് ഡീൻ കുര്യാക്കോസ് നിയമിച്ചത്. മണ്ഡലം പ്രസിഡണ്ടായിരുന്ന ആലക്കോട്ടെ വിജേഷ് ആന്റണി സ്ഥാനം രാജി വെച്ചതിനെ തുടർന്ന് മാസങ്ങളായി പ്രസിഡണ്ട് സ്ഥാനം ഒഴിഞ്ഞ് കിടക്കുകയായിരുന്നു. ഇതുമായി ബന്ധപ്പെട്ട് യൂത്ത് കോൺഗ്രസിൽ നിരവധി വിവാദങ്ങൾ ഉടലെടുത്തിരുന്നു.

കരുവഞ്ചാലിൽ ഓണം മെഗാ ഡിസ്കൗണ്ട് തുടരുന്നു
ഒപ്പൊസ്റ്റ്
കലക്ഷൻസ്
കരുവഞ്ചാൽ, Ph: 0460 2245280
ചുരിദാറുകൾ റെഡിമെയ്ഡ് ഷർട്ടുകൾ പകുതി വിലയ്ക്ക്
159 രൂപക്ക് ചുരിദാർ സെറ്റ്
99 രൂപക്ക് ലെഗിൻസ്
159 രൂപക്ക് സാരികൾ
159 രൂപക്ക് ഡബിൾമുണ്ടുകൾ
110 രൂപക്ക് ബെഡ് ഷീറ്റുകൾ

ഉദയഗിരിയുടെ സ്നേഹാദരവുകൾ ഏറ്റുവാങ്ങി തോമസ് 106-ാം വയസിൽ യാത്രയായി

ആലക്കോട്: ഉദയഗിരി താളിപ്പാറയിലെ ആദ്യകാല കുടിയേറ്റ കർഷകൻ വെട്ടുകാട്ടിൽ തോമസ് (തൊമ്മൻ ചേട്ടൻ-106) നിര്യാതനായി. 1960കളിൽ പാലായിൽ നിന്ന് ഉദയഗിരിയിലേക്ക് കുടിയേറിയ തോമസ് നാല് തലമുറകളിലേക്ക് നീണ്ട നൂറോളം വരുന്ന കുടുംബാംഗങ്ങളുടെ സ്നേഹാദരവുകൾ ഏറ്റുവാങ്ങിയ ഉദയഗിരിയുടെ മുത്തച്ഛനായിരുന്നു. കാര്യമായ ആരോഗ്യ പ്രശ്നങ്ങൾ ഒന്നും ഈ പ്രായത്തിലും ഇല്ലാതിരുന്ന ഇദ്ദേഹം ഇന്നലെ വൈകുന്നേരമാണ് അന്തരിച്ചത്. ഉദയഗിരിയുടെ കുടിയേറ്റ ചരിത്രത്തിനൊപ്പം നടന്നുനീങ്ങിയ തൊമ്മൻചേട്ടനെ കുറിച്ച് നേരത്തെ 'മക്തബ്' വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. കോട്ടയം കടനാട് തയ്യിൽ കുടുംബാംഗം മറിയാമ്മയാണ് ഭാര്യ. മക്കൾ: ജോസ്, ബേബി, തോമസ്, വി.ടി. ചെറിയാൻ മാസ്റ്റർ (സി.പി.എം ഉദയഗിരി ലോക്കൽ സെക്രട്ടറി), ടോമി, മോളി, ലില്ലിക്കുട്ടി (കുവൈത്ത്). മരുമക്കൾ: മേരി വടക്കേമുറിയിൽ (കുട്ടാപറമ്പ്), തങ്കമ്മ കല്ലോലി മറ്റത്തിൽ (താളിപ്പാറ), ദേവസ്യ അറയ്ക്കൽ (പാലാവയൽ), വൽസമ്മ എളുക്കുന്നേൽ (വിമലശേരി), ഡെയ്സി പള്ളിനിരാക്കൽ ശ്രീകണ്ഠപുരം (ഉദയഗിരി പഞ്ചായത്ത് മെമ്പർ), മോളി പുളിക്കൽ (തടിക്കടവ്), ജോൺ കരോട്ടുനെടുങ്ങാട്ട് (ചുള്ളിക്കര). സംസ്കാരം നാളെ രാവിലെ പത്ത് മണിക്ക് ഉദയഗിരി സെന്റ് മേരീസ് പള്ളിയിൽ.

വലിയരീക്കാമലയിൽ നിന്നും 90 ലിറ്റർ വാഷ് പിടികൂടി

വലിയരീക്കാമലയിൽ നിന്നും എക്സൈസ് സംഘം വാഷ് പിടിച്ചെടുക്കുന്നു

ശ്രീകണ്ഠപുരം: ഏരുവേശി വലിയരീക്കാമലയിൽ ശ്രീകണ്ഠപുരം എക്സൈസ് സംഘം നടത്തിയ പരിശോധനയിൽ വാഷും വാറ്റുപകരണങ്ങളും പിടിച്ചെടുത്തു. ഇവിടെ പുറമ്പോക്ക് തോടിനു സമീപം ഓടക്കാടുകൾക്കിടയിൽ സൂക്ഷിച്ച 90 ലിറ്റർ വാഷും പാത്രങ്ങളുമാണ് പിടികൂടിയത്. അസി.എക്സൈസ് ഇൻസ്പെക്ടർ വി.കെ.മണികണ്ഠൻ, പ്രിവന്റീവ് ഓഫീസർ പി.ടി.യേശുദാസൻ, സി.ഇ.ഒമാരായ പി.വി.പ്രകാശൻ, പി.ഷിബു, എം.വി.പ്രദീപൻ, എം.എം. ഷെഫീക്ക് എന്നിവരടങ്ങിയ സംഘമാണ് പരിശോധന നടത്തിയത്. ഓടിരക്ഷപ്പെട്ട പ്രതികൾക്കായി അന്വേഷണം ആരംഭിച്ചു.

ബസും കാറും കൂട്ടിയിടിച്ചു

ആലക്കോട്: കാറുമായി കൂട്ടിയിടിച്ച് നിയന്ത്രണം വിട്ട ബസ് റോഡരികിലെ കാട്ടിലേക്ക് ഇരച്ചുകയറി. അപകടത്തിൽ പത്തോളം പേർക്ക് നിസാര പരിക്കേറ്റു. ഇന്നലെ ഉച്ച കഴിഞ്ഞ് രണ്ടരയോടെ ടി.സി.ബി റോഡിൽ കാഞ്ഞിരങ്ങാട് ടെസ്റ്റിംഗ് ഗ്രൗണ്ടിന് സമീപമാണ് അപകടം. ഉദയഗിരിയിൽ നിന്ന് കണ്ണൂരിലേക്ക് പോയ സ്വകാര്യ ബസും എതിരെ വന്ന ഇനോവയുമാണ് കൂട്ടിയിടിച്ചത്. വെട്ടിക്കുന്നതിനിടെയാണ് ബസ് കാട്ടിലേക്ക് ഇരച്ചു കയറിയത്. സംഭവമറിഞ്ഞ് പോലീസ് സ്ഥലത്തെത്തി.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2,815
പവന് :22,520
പവിത്ര ജ്വല്ലറി
കുടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

മയ്യിലിൽ മണൽ പിടികൂടി

മയ്യിൽ: മണലെടുപ്പിനിടയിൽ പോലീസ് എത്തിയപ്പോൾ മണൽ റോഡിലിറക്കി സംഘം വണ്ടിയുമായി കടന്നു. റോഡിലിറക്കിയ മണൽ മയ്യിൽ എസ്.ഐ എൻ.പി. രാഘവൻ പിടിച്ചെടുത്തു. മണൽ സംഘത്തെ കണ്ടെത്താൻ അന്വേഷണം ഊർജിതപ്പെടുത്തി.

നഗരസഭ പിടിച്ചെടുത്ത വസ്തുക്കളുടെ ലേലം ഇന്ന്

തളിപ്പറമ്പ: റോഡ് കയ്യേറി അനധികൃതമായി കച്ചവടം നടത്തിയവരിൽ നിന്ന് നഗരസഭ ആരോഗ്യവിഭാഗം പിടിച്ചെടുത്ത പച്ചക്കറികളും ഉന്തുവണ്ടിയും ഇന്ന് വൈകീട്ട് മൂന്നിന് നഗരസഭ ഓഫീസ് പരിസരത്ത് വെച്ച് ലേലം ചെയ്യും. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖയും ഇ.എം.ഡിയും ഹാജരാക്കണം. വിശദവിവരങ്ങൾക്ക് ആരോഗ്യവിഭാഗവുമായി ബന്ധപ്പെടണമെന്ന് നഗരസഭ സെക്രട്ടറി അറിയിച്ചു.

മീശ നോവൽ...

(ഒന്നാം പേജിൽ നിന്ന്)

ക്ഷേത്രത്തിൽ പോകുന്ന സ്ത്രീകളെ അപമാനിക്കുന്നതാണ് നോവലിലെ പരാമർശങ്ങളെന്ന് ആരോപിച്ച് ഡൽഹി സ്വദേശി എൻ.രാധാകൃഷ്ണനാണ് സുപ്രീംകോടതിയെ സമീപിച്ചത്. കേന്ദ്ര സർക്കാർ, കേരള-ഡൽഹി സർക്കാരുകൾ, നോവൽ പ്രസിദ്ധീകരിച്ച മാതൃഭൂമി ആഴ്ചപതിപ്പ് എന്നിവയെ എതിർകക്ഷികളാക്കിയായിരുന്നു ഹരജി. ആവിഷ്കാര സ്വാതന്ത്ര്യത്തെ തടയാനാവില്ലെന്ന് വാദിച്ച് കേന്ദ്രവും സംസ്ഥാന സർക്കാരുകളും ഹരജിയെ എതിർത്തിരുന്നു.

തനിച്ച് താമസിക്കുന്ന വയോധികൻ മരിച്ച നിലയിൽ

പരിയാരം: തനിച്ച് താമസിക്കുകയായിരുന്ന വയോധികനെ വീട്ടിനകത്ത് മരിച്ചനിലയിൽ കണ്ടെത്തി. ചെറുതാഴം മണ്ടൂർ കുന്നുംപുറം അംഗൻവാടിക്ക് സമീപത്തെ മേപ്പറാംപള്ളി രാജൻ നായർ (67) ആണ് മരിച്ചത്. മൃതദേഹത്തിന് നാല് ദിവസത്തെ പഴക്കമുണ്ട്. ഭാര അറ്റോമിക് റിസേർച്ച് സെന്ററിൽ ഡ്രൈവറായി ജോലി ചെയ്തിരുന്ന രാജൻ നായർ ഏറെക്കാലമായി മഹാരാഷ്ട്രയിലാണ്. സർവീസിൽ നിന്ന് വിരമിച്ച് കുടുംബസമേതം മഹാരാഷ്ട്രയിൽ താമസിച്ചുവരികയായിരുന്നു. നേരത്തെ നാട്ടിലെത്തി ഹൃദയ ശസ്ത്രക്രിയ ചെയ്ത് തിരിച്ചുപോയ രാജൻ നായർ രണ്ടാഴ്ച മുമ്പാണ് കുന്നുംപുറത്തെ വീട്ടിൽ വന്നത്. ഇന്നലെ രാത്രിയോടെ വീട്ടിൽ നിന്ന് ദുർഗന്ധം അനുഭവപ്പെട്ടതിനെ തുടർന്ന് സമീപവാസികൾ അറിയിച്ചതനുസരിച്ച് പോലീസ് വീട് പരിശോധിച്ചപ്പോഴാണ് നടുമുറിയിൽ രാജൻ നായരെ മരിച്ചുകിടക്കുന്ന നിലയിൽ കണ്ടത്. ഭാര്യ: മംഗള. മക്കൾ: രമേശ് (ഗൾഫ്), ദീപക് (ഡ്രൈവർ), പരേതനായ രാജേഷ്. സഹോദരങ്ങൾ: തങ്കം, ഇന്ദിര, നളിനി, പരേതനായ ബാലൻ.

ചരമം

ഖദീജ

ആലക്കോട്: നെടുവോട്ടെ പരേതനായ അറത്തിലെ വളപ്പിൽ അബ്ദുള്ളയുടെ ഭാര്യ കൊടിയിൽ ഖദീജ (94) നിര്യാതയായി. മക്കൾ: മറിയം, നബീസ, ഫാത്തിമ, മഹമൂദ്, അസ്മ, മുസ്തഫ, അബ്ദുറഹ്മാൻ, അബൂബക്കർ, ആമിന, ഷംസുദ്ദീൻ. മരുമക്കൾ: കുഞ്ഞുമുഹമ്മദ് (മലപ്പുറം), അബ്ദുൾഖാദർ (തലശേരി), മറിയം, മൈമൂനത്ത്, ആമിന, റുഖ്സാന, ഷാല, പരേതരായ അബൂബക്കർ, ആലി ഹാജി (കുട്ടാപറമ്പ്), മുഹമ്മദ്കുഞ്ഞി ഹാജി (പെരുവണ).

യശോദ

കണ്ണൂർ: അത്താഴക്കുന്നിലെ ചെമ്മിണിയൻ യശോദ (72) നിര്യാതയായി. മക്കൾ: അജിത, രമ്യ, പ്രസീതൻ. മരുമക്കൾ: സജീവൻ, അനിൽ, പ്രേമലത (തൃച്ചംബരം).

ജോസഫ്

നടുവിൽ: മണ്ടളത്തെ കുടിയേറ്റ കർഷകൻ ഞാറയ്ക്കൽ ജോസഫ് (ഔതക്കുട്ടി-88) നിര്യാതനായി. ഭാര്യ: അങ്കമാലി മാടശേരിൽ കുടുംബാംഗം അന്നക്കുട്ടി. മക്കൾ: റാഫേൽ (കോഴിക്കോട്), മേരി (കണ്ണപുരം), തോമസ് (രാഷ്ട്രദീപിക, കണ്ണൂർ), സെബാസ്റ്റ്യൻ (തങ്കച്ചൻ, ചളിമ്പറമ്പ്), ബൈജു (മണ്ടളം). മരുമക്കൾ: സിസിലി പെരുമ്പനാനിക്കൽ (ചെമ്പേരി), സെബാസ്റ്റ്യൻ കളത്തിൽ (കണ്ണപുരം), ലെസ്ലി ഇടപ്പറമ്പിൽ (ചന്ദനക്കാംപാറ), സോളി കുത്തിയതോട്ടത്തിൽ (കാഞ്ഞിരക്കൊല്ലി), സോണിയ നെടുമലയിൽ (അരിക്കമല). സംസ്കാരം നാളെ രാവിലെ പത്തിന് മണ്ടളം സെന്റ് ജൂഡ് പള്ളിയിൽ.

കണ്ണച്ചി

ആലക്കോട്: അപ്പർചീക്കാട് കോളനിയിലെ പരേതനായ പയ്യൻവീട്ടിൽ രാമന്റെ ഭാര്യ കണ്ണച്ചി (86) നിര്യാതയായി. മക്കൾ: മാധവൻ, പരേതരായ രാഘവൻ, ലക്ഷ്മി.

കല്യാണി

പറശിനിക്കടവ്: കോൾമൊട്ടയിലെ വി.സി. കല്യാണി (82) നിര്യാതയായി. ഭർത്താവ്: പരേതനായ വാസു. മക്കൾ: രവീന്ദ്രൻ, പ്രകാശൻ. മരുമക്കൾ: രതി (പറശിനിക്കടവ്), വിജി (കാനൂൽ). സഹോദരങ്ങൾ: പരേതരായ കുഞ്ഞിരാമൻ, കണ്ണൻ. സഞ്ചയനം നാളെ.

ഗൗരി

പയ്യന്നൂർ: അസുഖത്തെ തുടർന്ന് ചികിത്സയിലായിരുന്ന അംഗനവാടി ടീച്ചർ മരിച്ചു. ഞെക്ലി കടാംകുന്നിലെ അംഗനവാടി ടീച്ചർ തൈവളപ്പിൽ ഹൗസിൽ ഗൗരി (48) ആണ് ഇന്ന് പുലർച്ചെ പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ മരിച്ചത്. കഴിഞ്ഞ കുറെ നാളുകളായി അർബുദ രോഗബാധിതയായി ചികിത്സയിലായിരുന്നു. ഭാസ്കരനാണ് ഭർത്താവ്. ഒരു മകനുണ്ട്.

കുഞ്ഞാമിന

പഴയങ്ങാടി: പുതിയങ്ങാടി സി.എച്ച്. റോഡ് തളിക്കാരൻ ഹൗസിലെ കുഞ്ഞാമിന (80) നിര്യാതയായി. ഭർത്താവ്: പരേതനായ ഉമ്മർ. മക്കൾ: അസ്മ, കുഞ്ഞിപ്പാത്തു, ശരീഫ, മുനീറ, മുസ്തഫ. മരുമക്കൾ: സുലൈമാൻ, ഹംസ, ലത്തീഫ്, മിസ്രിയ. സഹോദരങ്ങൾ: അബ്ദുൾഖാദർ, ബീഫാത്തു, കദീജ, മറിയുമ്മ.

അമ്പു

പഴയങ്ങാടി: ആദ്യകാല കോൺഗ്രസ് പ്രവർത്തകൻ എരിപുരം ശ്രീകൃഷ്ണ ക്ഷേത്രത്തിന് സമീപം ഈച്ച അമ്പു (85) നിര്യാതനായി. ഭാര്യ: ചീയ്യിക്കുട്ടി. മക്കൾ: പ്രേമ, ശ്യാമള, ഗീത, അശോകൻ (ഷിമോഗ ബിസിനസ്). മരുമക്കൾ: പ്രഭാകരൻ, മുകുന്ദൻ, വിജയൻ, ദിവ്യ. സഹോദരങ്ങൾ: അനന്തൻ, നാരായണൻ, നാരായണി.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 269 RNI Reg.No.KER MAL/2007/22043